# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1961** **17.12.2012 ന് മറുപടിയ്ക്ക്**

**വനഭൂമി കൈവശം വച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യംപുഴ പഞ്ചായത്തിൽ ചാത്തക്കുളം കാരേക്കാട്ട്, കട്ടുകളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വർഷങ്ങളായി വനഭൂമി കൈവശം വച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യംപുഴ പഞ്ചായത്തിൽ ചാത്തക്കുളം കാരേക്കാട്ട്, കട്ടുകളങ്ങര, കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വനഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള 145 കുടുംബങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാൻമാർക്ക് കൈവശരേഖ നൽകുന്നതിനായി റവന്യൂ-വനം വകുപ്പുകളുടെ പതിവ് സംയുക്ത പരിശോധനാ റിപ്പോർട്ട് വനം വകുപ്പിന്റെ അഭിപ്രായം സഹിതം അനന്തര നടപടികൾക്കായി എറണാകുളം ജില്ലാ കളക്ടർക്ക് നല്കിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) യും (സി) യും | കൈവശരേഖ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച മുഴുവൻ പരാതികളും പരിഗണിക്കുകയും സംയുക്ത പരിശോധനാ റിപ്പോർട്ട് വനം വകുപ്പിന്റെ അഭിപ്രായം സഹിതം അനന്തര നടപടികൾക്കായി റവന്യൂ വകുപ്പിന് നല്കിയിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നത് റവന്യൂ വകുപ്പിൽ നിന്നുമാണ്. |
| സി) | പ്രസ്തുത പ്രദേശങ്ങളിലെ നിവാസികൾക്ക് എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ